## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : ശ്രീമതി. അനുപമ റ്റി.വി, I.A.S)

വിഷയം - സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടികളിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ ഉപയോഗശൂന്യമായി പോകാതിരിക്കാൻ PHC/CHC -കൾക്ക് കൈമാറുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുന്നു.

പരാമർശം - സ.ഉ(സാധാ)നം.218/2017/സാനീവ തീയതി: 31.03.2017

**ഉത്തരവ് നമ്പർ - ICDS. A1/8834/14 തീയതി : 12.04.2017**

അങ്കണവാടികളിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകളിൽ ചില ഇനങ്ങൾ പൂർണ്ണതോതിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് ഉപയോഗശൂന്യമായി പോകാതിരിക്കാൻ അങ്കണവാടികളിൽ സ്റ്റോക്കുള്ള മരുന്നുകളിൽ Expiry ആകാൻ സാധ്യതയുള്ളതും, ഡോക്ടർമാരുടെ Prescription വേണ്ടതുമായ മരുന്നുകൾ അടുത്തുള്ള PHC/CHC -കൾക്ക് കൈമാറുന്നതിന് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും അങ്കണവാടികളിൽ സ്റ്റോക്കുള്ള മരുന്നുകളിൽ Expiry ആകാൻ സാധ്യതയുള്ളതും, ഡോക്ടർമാരുടെ Prescription വേണ്ടതുമായ മരുന്നുകളുടെ ലിസ്റ്റ് ബന്ധപ്പെട്ട സൂപ്പർവൈസർമാരുടെ സാന്നിദ്ധ്യത്തിൽ തയ്യാറാക്കി മരുന്നുകൾ അടുത്തുള്ള PHC/CHC -കൾക്ക് ഉടൻ കൈമാറാൻ ഉത്തരവാകുന്നു.

ടി മരുന്നുകളുടെ ലിസ്റ്റ് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരെ ഏൽപ്പിക്കേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ആയതു ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ